## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2045** — **17.06.2014-ൽ മറുപടിയ്ക്ക്**

# കാസർഗോഡ് ജില്ലയിലെ മലയോരമേഖലകളിലെ വോൾട്ടേജ് ക്ഷാമം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ മലയോരമേഖലകളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ? | (എ) & (ബി) നിലവിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കാസർഗോഡ് ജില്ലയിലെ രാജപുരത്ത് ഒരു 33 KV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.<br>കൂടാതെ വിതരണ മേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ബോർഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 കാലയളവിൽ 18.795 കിലോമീറ്റർ 11 കെ. വി. ലൈൻ നിർമ്മിക്കുകയും 17 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 27.995 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. 2014-15 കാലയളവിൽ 43.2 കിലോമീറ്റർ 11 കെ. വി. ലൈനും 42 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കാനും 128.3 കിലോമീറ്റർ കൺവേർഷൻ വർക്ക് ചെയ്യുവാനും പദ്ധതിയിട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**